## രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 7



# സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

1. പങ്കുവയ്ക്കൽ മിശിഹായുടെ ജീവിതത്തിലും പ്രബോധനത്തിലും
2. ആദിമസഭയുടെ മാതൃക
3. ആദിമസഭയുടെ പ്രബോധനം
4. ഉത്ഥാനത്തിലുള്ള പ്രത്യാശ, പങ്കുവയ്ക്കാനുള്ള പ്രേരണ
5. ബലിയർപ്പണവും പങ്കുവയ്ക്കലും
6. പങ്കുവയ്ക്കുന്ന സഭ

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

# സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

- നിങ്ങൾ തന്നെ ഇവർക്കു ഭക്ഷണം കൊടുക്കുവിൻ. അന്ത്രയോസ് അവനോടു പറഞ്ഞു. അഞ്ചു ബാർലിയപ്പവും രണ്ടു മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്. എന്നാൽ അതുകൊണ്ടെന്താകാനാണ്? ജനങ്ങളെ പന്തികളായി ഇരുത്തുവാൻ ഈശോ അവരോടു പറഞ്ഞു. അനന്തരം ഈശോ  അപ്പവും മീനും, ആശീർവദിച്ച്           വിളമ്പാനായി അവരെ ഏൽപിച്ചു. അവർ ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ ശേഖരിക്കുകയും ചെയ്തു.

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

# പങ്കുവയ്ക്കൽ മിശിഹായുടെ ജീവിതത്തിലും പ്രബോധനത്തിലും

- തന്റെ മാംസവും രക്തവും സ്വജീവൻ തന്നെയും അവിടുന്നു ദാനം ചെയ്തു.
- നിങ്ങൾക്ക് ദാനമായി ലഭിച്ചത് ദാനമായിതന്നെ കൊടുക്കുക.
- നിന്റെ ഉടുപ്പു കൈവശമാക്കാനാഗ്രഹിക്കുന്നവന് മേലങ്കികൂടി വിട്ടുകൊടുക്കുക
- വലതുകൈ ചെയ്യുന്നതെന്തെന്ന് ഇടതുകൈ അറിയാത്തവിധം ദാനം ചെയ്യുക.

# ആദിമസഭയുടെ മാതൃക

- അവർ സ്വന്തമായുണ്ടായിരുന്നവയെല്ലാം വിറ്റു കിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു.

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

# ആദിമസഭയുടെ പ്രബോധനം

- ദാനം ചെയ്യുന്നത് ദൈവത്തിനു സ്വീകാര്യമായ ബലിയാണ്. പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്.

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

## ഉത്ഥാനത്തിലുള്ള പ്രത്യാശ, പങ്കുവയ്ക്കാനുള്ള പ്രേരണ

- ഭൗമികമായതിലുള്ള സുരക്ഷിതത്വം വെടിയുന്നവർക്കേ പങ്കുവയ്ക്കാൻ കഴിയൂ. ലോകത്തിലുള്ളതെല്ലാം നശ്വരമാണെന്നും എന്തെല്ലാം സമ്പാദിച്ചുകൂട്ടിയാലും മരിക്കുമ്പോൾ ഒന്നും കൂടെ കൊണ്ടുപോകുന്നില്ലെന്നുമുള്ള ജ്ഞാനമാണ് മനുഷ്യനെ പങ്കുവയ്ക്കാൻ സഹായിക്കുന്നത്.
- അതുവഴി മരണശേഷവും കൂടെവരാൻ കഴിവുള്ള സൽപ്രവൃത്തികൾ ചെയ്യാൻ അവൻ പ്രേരിതനാകുന്നു.

# ബലിയർപ്പണവും പങ്കുവയ്ക്കലും

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

- വിശുദ്ധ കുർബാനയിൽ മുറിച്ച് നൽകുന്ന അപ്പവും പങ്കുവയ്ക്കപ്പെടുന്ന പാനിയവും ആരാധകസമൂഹത്തിന് കർമമണ്ഡലങ്ങളിൽ സ്വയം മുറിച്ച് വിളമ്പാനുള്ള ആഹ്വാനമാണ് നൽകുന്നത്.

സഭ : പങ്കുവെക്കുന്നവരുടെ സമൂഹം

# പങ്കുവയ്ക്കുന്ന സഭ

- മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവമാണു പങ്കുവയ്ക്കൽ.
- കുഷ്ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിച്ച ഫാ ദർ ഡാമിയനും കാരുണ്യപ്രവർത്തനങ്ങൾവഴി ലോകത്തിന്റെ തന്നെ അമ്മയായി മാറിയ മദർതെരേസയും സഭയ്ക്കു എന്നും അഭിമാനമാണ്.

# എന്റെ തീരുമാനം

എന്റെ സഹപാഠികളെ
സഹായിക്കാൻ ഞാൻ
എന്റെ സമയവും
കഴിവുകളും
വിനിയോഗിക്കും.


ഓർക്കാൻ ഒരു തിരുവചനം
എന്റെ ഏറ്റവും എളിയ ഈ
സഹോദരന്മാരിൽ ഒരുവന്
നിങ്ങൾ ഇതു ചെയ്തു
കൊടുത്തപ്പോൾ,
എനിക്കുതന്നെയാണു
ചെയ്തുതന്നത്.

## നമ്മുക്കു പ്രാർത്ഥിക്കാം

എളിയവരായ ഞങ്ങൾക്കുവേണ്ടി
സ്വയം പങ്കുവച്ചു നൽകിയ
ഈശോയെ, അങ്ങ് ഞങ്ങൾക്കു
നൽകിയിട്ടുള്ള ദാനങ്ങൾ
മറ്റുള്ളവർക്കായി പങ്കുവയ്ക്കാൻ
ഞങ്ങളെ സഹായിക്കണമേ.



